"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പി.എസ്.സി നിയമനം - പ്രവേശന കാലം ദീർഘിപ്പിച്ചു നൽകുന്നത് (Joining Time Extension) - 28/10/2020 ലെ സ.ഉ (അച്ചടി) നം. 15/2020/ഉഭപവ ഉത്തരവിൽ ഭേദഗതി വരുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സ.ഉ (അച്ചടി) നം. 5/2023/ഉഭപവ** **തിരുവനന്തപുരം, തീയതി :29.03.2023**

==========================================================================

പരാമർശം:- സ.ഉ (അച്ചടി) നം. 15/2020/ഉഭപവ, തീയതി 28/10/2020.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് പ്രവേശന കാലം ദീർഘിപ്പിച്ചു നൽകുന്നതും (Joining Time Extension), NJD (Not Joining Duty) ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച് പരാമർശ ഉത്തരവ് പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ (സ്കൂളുകൾ, കോളേജുകൾ മുതലായവ) ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക്, സർവ്വീസിൽ പ്രവേശിക്കുന്നതിന് പ്രവേശന കാലാവധി (Joining time) ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ (സ്കൂളുകൾ, കോളേജുകൾ മുതലായവ) ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് കൂടി സർവ്വീസിൽ പ്രവേശിക്കുന്നതിന് പ്രവേശന കാലാവധി (Joining time) ദീർഘിപ്പിച്ചു നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 3 (vii) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി കൊണ്ട് ഉത്തരവാകുന്നു.

" *3(vii) കേന്ദ്രസർക്കാർ, ഇതര സംസ്ഥാന സർക്കാർ, കേന്ദ്ര/സംസ്ഥാന/ഇതരസംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സംസ്ഥാനത്തെ എയ്ഡഡ് മേഖല (സ്കൂളുകൾ, കോളേജുകൾ മുതലായവ) എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ*

*പരിശോധിച്ച് മതിയായ കാരണങ്ങളുള്ള പക്ഷം നിയമനാധികാരിക്ക് പരമാവധി മൂന്ന് മാസം (90 ദിവസം) വരെ പ്രവേശന സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്.* "

4. മേൽ ഭേദഗതിയോടെ പരാമർശം ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ. എ.പി.**

**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
(വകുപ്പിന്റെ www.pard.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ